# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

### നഷ്ടപ്പെട്ട ജനന രജിസ്റ്ററുകൾക്ക് പരിഹാരം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം :1763** 05.12.14- ൽ മറുപടി നൽ കേണ്ടത്.

| | ചോദ്യം<br>ശ്രീ.എ.എം.ആരിഫ് | | ഉത്തരം<br>ഡോ.എം.കെ.മുനീർ,<br>ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
|---|---|---|---|
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനന രജിസ്റ്ററുകൾ കാലപ്പഴക്കം മൂലമോ മറ്റ് കാരണങ്ങളാലോ നഷ്ടപ്പെട്ടതു മൂലം നിരവധി ആളുകൾക്ക് ജനന സർട്ടിഫിക്കറ്റ് ലഭിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനായി രജിസ്റ്ററുകൾ നഷ്ടപ്പെട്ടതുമൂലം ജനന സർട്ടിഫിക്കറ്റുകൾ ലഭിക്കാത്തവർക്ക് എസ്.എസ്.എൽ.സി ബുക്കോ മറ്റ് രേഖകളോ ആധാരമാക്കി ജനന സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (ബി) | ജനന-മരണ രജിസ്ട്രേഷനുകളിൽ ജനന സമയത്തുള്ള വിവരങ്ങളാണ് ഉൾ പ്പെടുത്തേണ്ടത്. ഉൾ പ്പെടുത്തിയിട്ടുള്ള വിവരങ്ങളിൽ മാറ്റം വരുത്തുന്നതിന് നിലവിൽ വ്യവസ്ഥ ഇല്ല. ആയതിനാൽ എസ്.എസ്.എൽ.സി ബുക്കോ മറ്റു രേഖകളോ ആധാരമാക്കി ജനന സർട്ടിഫിക്കറ്റ് നൽകാൻ ടി രജിസ്ട്രേഷൻ നിയമത്തിൽ വ്യവസ്ഥയില്ല. കാലപ്പഴക്കം കൊണ്ട് പൊളിഞ്ഞു പോയ രജിസ്റ്ററുകളുടെ എന്തെങ്കിലും ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ, വില്ലേജ് ഓഫീസറുടെയോ / പോലീസ് ഉദ്യോഗസ്ഥരുടെയോ അന്വേഷണത്തിൽ നിന്നും ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ, രേഖകളുടെ പുനർസൃഷ്ടി നടത്തി ജനന സർട്ടിഫിക്കറ്റ് ലഭ്യമാക്കാൻ നടപടികൾ, സ്വീകരിച്ചു വരുന്നുണ്ട്. എന്നാൽ യാതൊരു രേഖയും ലഭ്യമല്ലാത്ത സാഹചര്യത്തിൽ സംഭവം രജിസ്ട്രേഷൻ യൂണിറ്റിന്റെ അധികാര പരിധിക്കുള്ളിൽ നടന്നതാണെന്ന് ബോധ്യപ്പെട്ട ശേഷം തദ്ദേശരജിസ്ട്രാർ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് നൽകേണ്ടതും, അതോടൊപ്പം |

ബന്ധപ്പെട്ട വർഷത്തെ ജനന-മരണ രജിസ്റ്റർ നശിച്ചുപോയതായുള്ള ഒരു സാക്ഷ്യപത്രം കൂടി തദ്ദേശ രജിസ്ട്രാർ അനുവദിക്കേണ്ടതും, ഇതിന്റെ അടിസ്ഥാനത്തിൽ ആർഡിഒ-യുടെ അനുമതിയോടുകൂടി ബന്ധപ്പെട്ട രജിസ്ട്രാർക്ക് രജിസ്ട്രേഷൻ നടത്താവുന്നതാണ്.

Vajeen

**സെക്ഷൻ ഓഫീസർ**